**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീ. സുരേഷ്ബാബു എം.എം നെ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (കൈ) നം.46/2019/തസ്വഭവ** **തീയതി, തിരുവനന്തപുരം, 06/05/2019**

---

പരാമർശം : 1. 25.11.2005 ലെ സ. ഉ (പി) നം. 501/2005/ധന

2. ശ്രീ. സുരേഷ്ബാബു. എം.എം ന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷ.

3. പഞ്ചായത്ത് ഡയറക്ടറുടെ 19.11.2012, 08.10.2018 തീയതികളിലെ ഇ 9/37162/11 നം. കത്തുകൾ.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിൽ 01.11.1993 മുതൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീ. സുരേഷ്ബാബു എം.എം പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറായി സ്ഥിരപ്പെടുത്തണമെന്നഭ്യർത്ഥിച്ച് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചു. ശ്രീ. സുരേഷ്ബാബുവിനെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ 19.11.2012 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയതിലെ അപാകതകൾ പരിഹരിച്ച് ലഭ്യമാക്കാൻ നിർദേശിച്ചതിനെ തുടർന്ന് ന്യൂനതകൾ പരിഹരിച്ച പ്രൊപ്പോസൽ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുറമേരി ഗ്രാമ പഞ്ചായത്തിൽ 1993 മുതൽ ശ്രീ.സുരേഷ്ബാബു ജോലി ചെയ്തു വരുന്നുവെങ്കിലും ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറുടെ അംഗീകൃത തസ്തിക നിലവിലില്ല. ശ്രീ.സുരേഷ്ബാബുവിനെ പുറമേരി ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പരാമർശം (1) ഉത്തരവ് പ്രകാരം പുറമേരി ഗ്രാമ പഞ്ചായത്തിന്റെ സ്വീപ്പിംങ് ഏര്യ നിർണ്ണയിച്ച് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക അനുവദിക്കാവുന്നതാണ്.

മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീ. സുരേഷ്ബാബു എം.എം നെ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് തീയതി പ്രാബല്യത്തിൽ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് ജില്ല.

സെക്രട്ടറി, പുറമേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല.

ശ്രീ. സുരേഷ്ബാബു എം.എം, പാർട്ട്ടൈം സ്വീപ്പർ, പുറമേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല (പുറമേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(നം. 273571/Exp.C2/73/2016-Fin. തീയതി 26.02.2019 പ്രകാരം).

ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/242/2015-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Danija MS

സെക്ഷൻ ഓഫീസർ